അദ്ധ്യാപക ബാങ്കിലെ സർക്കാർ സ്കൂളിലെ പ്രൊട്ടക്ടഡ് അധ്യാപകർക്ക് മുൻഗണന

71 (1126) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക ബാങ്കിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർ നിലവിൽ എത്ര പേരുണ്ട് ; സർക്കാർ/എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് ശമ്പളം നൽകുവാൻ ഈ അദ്ധ്യയന വർഷം ഏകദേശം എത്ര രൂപ വേണ്ടിവരും ;

(സി) അദ്ധ്യാപക ബാങ്കിലെ സർക്കാർ സ്കൂളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് (പി.എസ്.സി. വഴി നിയമനം ലഭിച്ചവർ) എന്തെങ്കിലും മുൻഗണന ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ വൻ തുക കോഴ വാങ്ങിയുള്ള അദ്ധ്യാപക നിയമനത്തിൽ കർശനമായി ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകർ എന്നതുകൂടി പരിഗണിച്ച് സംസ്ഥാന അദ്ധ്യാപക ബാങ്കിലെ അദ്ധ്യാപകർക്ക് സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം 2939 പ്രൊട്ടക്ട് അദ്ധ്യാപകരുണ്ട്. സർക്കാർ സ്കൂൾ അദ്ധ്യാപകർ പ്രൊട്ടക്ടഡ് വിഭാഗത്തിൽ പെടുന്നില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരില്ല. സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ഷൻ നൽകി വിന്യസിച്ചിരിക്കുന്നത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെയാണ്. ഇവർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരല്ല.

(ഡി) നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. നിയമനക്കാര്യത്തിൽ ഒരു നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായി മുൻകൂട്ടി വിജ്ഞാപനം ചെയ്തിരിക്കുന്ന ഒഴിവുകളിലായിരിക്കണം എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക നിയമനം എന്ന് ഉത്തരവായിട്ടുണ്ട്.

(ഇ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനായുള്ളതാണ്, അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly